(എ) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് ബഡ്ജറ്റ്കളിലായി പ്രഖ്യാപിച്ചിരുന്നതും ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ളതുമായ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത്; പ്രസ്തുത പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതത്തിന്റെയും ഓരോ വർഷത്തേയും വിശദാംശം വിശദമാക്കാമോ;

(ബി) ഇപ്രകാരം കഴിഞ്ഞ നാല് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കിയിട്ടില്ലാതിരുന്നതുമായ പദ്ധതികൾക്കെല്ലാം ഈ ആണ്ടിൽ ആവശ്യമായപണം ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായോ ഇല്ലെങ്കിൽ ആ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(സി) നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതും ഭാഗികമായി മാത്രം നടപ്പിലാക്കിയതുമായ പ്രഖ്യാപിത പദ്ധതി സംബന്ധിച്ച് ഇപ്പോഴുള്ള സമീപനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾക്ക് ഭരണാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ ബഡ്ജറ്റുകളിൽ ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിച്ചുനൽകാറുണ്ട്.

(സി) പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ പൂർണ്ണമായും നടപ്പിലാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

190 (165) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിനാൻസ് കമ്മീഷന്റെ തീർപ്പു പ്രകാരം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി, ഗ്രാന്റുകൾ, പദ്ധതി ധനസഹായം, ഡിസ്ക്രീഷനറി ഗ്രാന്റ് തുടങ്ങിയവ എത്ര കോടി രൂപ വീതമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഇവ ഓരോന്നും എത്ര രൂപ വീതം പ്രതീക്ഷിക്കുന്നു;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേല്പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തിനർഹതയുണ്ടായിരുന്ന തുക എത്ര; ഓരോ വർഷവും ലഭിച്ചത് എത്ര; വിശദമാക്കാമോ;

(ഡി) സർവ്വശിക്ഷാ അഭിയാൻ, എൻ.ആർ.എച്ച്.എം., ദേശിയ തൊഴിലുറപ്പ് പദ്ധതി എന്നീ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേല്പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തിനർഹമായ തുക എത്രവീതമായിരുന്നു; അവയിൽ സംസ്ഥാനത്തിന് ലഭിച്ചത് എത്ര വീതം ; വിശദമാക്കാമോ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വർഷം വരെയുള്ള ഓരോ വർഷത്തെയും കേന്ദ്ര നികുതി വിഹിതം, പദ്ധതിയേതര ഗ്രാന്റുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി ഗ്രാന്റുകൾ, പദ്ധതി ധനസഹായം എന്നീ ഇനങ്ങളിൽ ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

	2011-12	2012-13	2013-14	2014-15	2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്)
കേന്ദ്ര നികുതി വിഹിതം	5990.36	6840.65	7468.68	7926.29	13121.77
പദ്ധതിയേതര ധനസഹായം	957.54	551.12	1679.39	1488.63	5563.42
പദ്ധതി ധനസഹായം	1380.17	1269.79	1154.22	2050.34	53.65
കേന്ദ്ര പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതി ധനസഹായം	1371.50	1200.61	1304.58	3969.02	4329.21

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

GPM. 2/237/2020-89

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേൽപ്പറഞ്ഞ ഓരോ വർഷവും പ്രതീക്ഷിച്ച തുകയും ലഭിച്ച തുകയും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

കേന്ദ്ര പദ്ധതി/കേന്ദ്രാവിഷ്കൃത പദ്ധതി	2011-12	2012-13	2013-14	2014-15	2015-16
സംസ്ഥാനം പ്രതീക്ഷിച്ച തുക	1400.39	2155.08	2620.71	2680.53	4329.21
സംസ്ഥാനത്തിന് ലഭിച്ച തുക	1371.50	1200.61	1304.58	6170.01	5694.99*

* സി.പി.എസ്.എം.എസ്. പ്രകാരം ലഭിച്ച കണക്ക് (5-2-2016 വരെ)

(സി) സർവ്വശിക്ഷാ അഭിയാൻ, എൻ.ആർ.എച്ച്.എം., ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ 2011-12 മുതൽ 2015-16 വരെ ലഭിച്ച തുകകൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	സർവ്വശിക്ഷാ അഭിയാൻ		എൻ.ആർ.എച്ച്.എം.		ദേശീയ തൊഴിലുറപ്പ് പദ്ധതി	
	പ്രതീക്ഷിച്ചത്	ലഭിച്ചത് #	പ്രതീക്ഷിച്ചത്	ലഭിച്ചത് #	പ്രതീക്ഷിച്ചത്	ലഭിച്ചത് #
2011-12	-	170.22	-	579.83	-	951.05
2012-13	-	134.49	-	489.25	-	1311.18
2013-14	-	208.01	-	354.14	-	1277.11
2014-15	-	223.04	-	517.82	-	1587.58
2015-16	259.23	102.18	-	269.16	1590.00	348.26 # #

സി.പി.എസ്.എം.എസ്. പ്രകാരം ലഭിച്ച കണക്ക്

05-02-2016 വരെയുള്ള കണക്ക്.

LIBRARY ARCHIVES Kerala Legislative Assembly